ഹയർ സെക്കൻഡറി ഡയറക്ടറുടെ കാര്യാലയം
ഹൗസിങ് ബോർഡ് ബിൽഡിങ്സ്
ശാന്തിനഗർ തിരുവനന്തപുരം 1

നം. ഐ.സി.റ്റി. സെൽ/03 /2324 /SWS/HSE/2008 നവംബർ 13, 2009

## സർക്കുലർ

വിഷയം: ഹയർസെക്കൻഡറി ഏകജാലക സംവിധാനത്തിന് ദേശീയ പുരസ്കാരം- ബാനർ പ്രദർശിക്കുന്നത് സംബന്ധിച്ച്-

ഹയർ സെക്കൻഡറി പ്രവേശനത്തിനായി 2008 മുതൽ കേരള സർക്കാർ നടപ്പിലാക്കിയ കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം രാജ്യത്തെ ഏറ്റവും മികച്ച ഇ-ഗവേണൻസ് പ്രോജക്റ്റായി തെരഞ്ഞെടുക്കപ്പെട്ടു. കംപ്യൂട്ടർ പ്രൊഫഷനലുകളുടെ ഏറ്റവും വലിയ കൂട്ടായ്മയായ സി.എസ്.ഐ.യും രാജ്യാന്തര ഐ.ടി. കൺസൽട്ടസി ഏജൻസിയായ നിഹിലന്റും ചേർന്നാണ് പുരസ്കാരം ഏർപ്പെടുത്തിയത്. 2009 നവംബർ 18ന് തിരുവനന്തപുരം വി.ജെ.റ്റി. ഹാളിൽ നടക്കുന്ന അനുമോദനച്ചടങ്ങിൽ ബഹുമാനപ്പെട്ട കേരളാമുഖ്യമന്ത്രി ശ്രീ വി.എസ്. അച്ചുതാനന്ദൻ, വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ എം.എ. ബേബി തുടങ്ങിയവർ പങ്കെടുക്കും. പുരസ്കാരത്തെ സംബന്ധിക്കുന്ന ഒരു ബാനർ നവംബർ 18ന് മുമ്പായി എല്ലാ ഗവൺമെന്റ്, എയിഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലും തയ്യാറാക്കി നിർബന്ധമായി പ്രദർശിപ്പിക്കേണ്ടതാണ്. ബാനറിന്റെ ഉള്ളടക്കം അനുബന്ധമായിച്ചേർക്കുന്നു.

(ഒപ്പ്)

ഡയറക്ടർ

കേരള സർക്കാർ
പൊതു വിദ്യാഭ്യാസ വകുപ്പ്

## സുതാര്യത – കാര്യക്ഷമത – സാമൂഹ്യനീതി

പ്ലസ് വൺ പ്രവേശനത്തിന് സുതാര്യവും
അവസരതുല്യത ഉറപ്പാക്കുന്നതുമായ

## 'ഏകജാലക പ്രവേശന സംവിധാനത്തിന്"

രാജ്യത്തെ സർക്കാർ സംവിധാനത്തിലെ മികച്ച ഇ-ഗവേണൻസ് സംരംഭത്തിനുള്ള ദേശീയ പുരസ്ക്കാരം ലഭിച്ചിരിക്കുന്നു. ഈ സംവിധാനം വിജയിപ്പിച്ച അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥികൾ, ഇവരുൾപ്പെട്ട പൊതുസമൂഹത്തിന് ഈ പുരസ്ക്കാരം സമർപ്പിക്കുന്നു.